പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7441 — 14.07.2014 ലെ മറുപടിയ്ക്ക്

## പ്രകൃതിക്ഷോഭം മൂലമുളള കൃഷിനാശം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എസ്. ശർമ്മ | | ശ്രീ. കെ.പി. മോഹനൻ (കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) | പ്രകൃതിക്ഷോഭം വന്നു കൃഷിനാശം ഉണ്ടാകുന്ന കർഷകരെ സഹായിക്കുന്നതിന് വിള ഇൻഷുറൻസ് അല്ലാതെ മറ്റെന്തെങ്കിലും പദ്ധതികൾ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിയിട്ടുണ്ടോ; | (എ) ഉണ്ട്. പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന കൃഷിനാശത്തിന് വിള ഇൻഷുറൻസ് പദ്ധതി കൂടാതെ റവന്യൂ വകുപ്പിന് കീഴിലുളള സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ നിന്ന് കൃഷി വകുപ്പ് മുഖേന ധനസഹായം ലഭ്യമാക്കുന്നുണ്ട്. കൂടാതെ പ്രകൃതിക്ഷോഭത്തിൽ മടവീഴ്ച സംഭവിക്കുന്ന പാടശേഖരങ്ങളിൽ മട പുനർ നിർമ്മിക്കുന്നതിനായുളള ധനസഹായം കൃഷി വകുപ്പിന്റെ ക്രൈസിസ് മാനേജ്മെന്റ് ഫണ്ടിൽ നിന്നും നൽകി വരുന്നുണ്ട്. കൂടാതെ വിളനാശം സംഭവിച്ചാൽ വീണ്ടും വിളയിറക്കുന്നതിന് സംസ്ഥാന വിത്തു വികസന അതോറിറ്റി മുഖേന കർഷകർക്ക് സൗജന്യമായി വിത്തു വിതരണം നടത്തുന്ന ഒരു പദ്ധതിയും കൃഷി വകുപ്പ് മുഖേന നടപ്പിലാക്കുന്നുണ്ട്. |
| (ബി) | 2013-2014 വർഷം പ്രകൃതിക്ഷോഭത്തിൽ എത്ര കർഷകർക്ക് എത്ര തുകയുടെ കൃഷിനാശം ഉണ്ടായിട്ടുണ്ടെന്നാണ് കൃഷി വകുപ്പ് വിലയിരുത്തിയിട്ടുളളത്; ജില്ല തിരിച്ചുളള കണക്കുകൾ ലഭ്യമാക്കുമോ; | (ബി) 2013-14 വർഷം പ്രകൃതിക്ഷോഭത്തിൽ 1,31,729 കർഷകർക്ക് 174,62,77,247/-രൂപയുടെ കൃഷിനാശം ഉണ്ടായിട്ടുണ്ടെന്നാണ് കൃഷി വകുപ്പ് വിലയിരുത്തിയിട്ടുളളത്. ജില്ല തിരിച്ചുളള കണക്ക് അനുബന്ധം I ആയി ചേർത്തിട്ടുണ്ട്. |
| (സി) | ഇങ്ങനെ കൃഷിനാശം ഉണ്ടായ കർഷകർക്ക് കൃഷി വകുപ്പിൽ നിന്ന് എത്ര തുക വീതം ഓരോ ജില്ലയിലും നഷ്ടപരിഹാരം നൽകിയെന്നും മറ്റു വകുപ്പുകൾ മുഖേന കൃഷിക്കാർക്ക് ഓരോ ജില്ലയിലും എത്ര തുക നഷ്ടപരിഹാരമായി ലഭിച്ചുവെന്നും വ്യക്തമാക്കുമോ? | (സി) കൃഷിനാശം ഉണ്ടായ കർഷകർക്ക് സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ നിന്ന് കൃഷി വകുപ്പ് മുഖേന നൽകിയ ധനസഹായത്തിന്റെ ജില്ല തിരിച്ചുളള കണക്ക് അനുബന്ധം II ആയി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം I**

| ജില്ല | കർഷകരുടെ എണ്ണം | കണക്കാക്കിയ നഷ്ടം (രൂപ) |
|---|---|---|
| തിരുവനന്തപുരം | 14374 | 9,78,00,000 |
| കൊല്ലം | 4845 | 2,71,46,028 |
| ആലപ്പുഴ | 4814 | 21,61,69,850 |
| പത്തനംതിട്ട | 8426 | 7,75,91,700 |
| കോട്ടയം | 13577 | 6,98,49,471 |
| ഇടുക്കി | 5701 | 6,16,90,900 |
| എറണാകുളം | 27553 | 26,70,29,032 |
| തൃശ്ശൂർ | 7564 | 4,09,45,965 |
| പാലക്കാട് | 7996 | 23,60,70,970 |
| മലപ്പുറം | 13246 | 9,28,86,038 |
| കോഴിക്കോട് | 4473 | 9,61,74,280 |
| വയനാട് | 7210 | 16,36,07,836 |
| കണ്ണൂർ | 3360 | 27,00,00,000 |
| കാസർഗോഡ് | 8590 | 2,93,15,177 |
| **ആകെ** | **131729** | **1,74,62,77,247** |

**അനുബന്ധം II**

| ജില്ല | ധനസഹായം (രൂപയിൽ) |
|---|---|
| തിരുവനന്തപുരം | 16,94,280 |
| കൊല്ലം | 2,71,46,028 |
| ആലപ്പുഴ | 6,95,63,809 |
| പത്തനംതിട്ട | 1,49,90,000 |
| കോട്ടയം | 6,77,50,494 |
| എറണാകുളം | 1,59,99,146 |
| ഇടുക്കി | 3,55,72,673 |
| തൃശ്ശൂർ | 2,61,70,741 |
| പാലക്കാട് | 3,59,96,752 |
| മലപ്പുറം | 1,10,00,000 |
| കോഴിക്കോട് | 4,09,98,713 |
| വയനാട് | 10,38,64,199 |
| കണ്ണൂർ | 2,64,99,573 |
| കാസർഗോഡ് | 1,16,95,902 |
| **ആകെ** | **48,89,42,310** |

സെക്ഷൻ ഓഫീസർ